**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3263** **25-10-2021 - ൽ മറുപടിയ്ക്ക്**

**അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി പ്രത്യേക പാക്കേജ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ . ഷാഫി പറമ്പിൽ | | Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കോവിഡ് വ്യാപനം മൂലമുള്ള പ്രതിസന്ധിയാൽ അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന നിരവധി തൊഴിലാളികൾ ആത്മഹത്യ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആത്മഹത്യ സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും സാധ്യമായ പരമാവധി സഹായം സർക്കാർ ലഭ്യമാക്കി വരുന്നുണ്ട്. |
| (ബി) | ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ ജോലി ചെയ്തിരുന്ന ഒൻപതോളം തൊഴിലാളികൾ ഇതിനോടകം ആത്മഹത്യ ചെയ്തു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവത്തോടെ പരിഗണിക്കുമോ; | (ബി) | ആത്മഹത്യ സംബന്ധിച്ച വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ വിഭാഗത്തിലുമുള്ള തൊഴിലാളികൾക്കും സാധ്യമായ പരമാവധി സഹായം സർക്കാർ ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | അസംഘടിത മേഖലയിലെ തൊഴിലാളികളുടെ വായ്പ സംബന്ധിച്ച് ഇളവുകൾ നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (സി) | കോവിഡ് 19 രണ്ടാം ഘട്ട വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ എല്ലാ വിധ വായ്പാ തിരിച്ചടവുകൾക്കും 31/12/2021-വരെ മൊറട്ടോറിയം പ്രഖ്യാപിക്കണമെന്നും മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. കോവിഡ് 19 രണ്ടാം ഘട്ട വ്യാപനം സൃഷ്ടിച്ച പ്രതിസന്ധികളുടെ പശ്ചാത്തലത്തിൽ വ്യക്തികളുടെയും ചെറിയ സംരംഭങ്ങളുടെയും അർഹതപ്പെട്ട വായ്പകൾക്കായി വായ്പകളെ തരംതാഴ്ത്താതെ തന്നെ വായ്പ റീഷെഡ്യൂളിംഗ് അനുവദിച്ചും രണ്ടു വർഷം വരെ മൊറട്ടോറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ വായ്പക്കാരന് അനുവദിക്കാവുന്ന രീതിയിലും Resolution Framework 2.0- Resolution of Covid-19 related stress of Individual and Small Business പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ, ബാങ്കുകൾ, സഹകരണ ബാങ്കുകൾ, ബാങ്ക് ഇതര ധനകാര്യ സ്ഥാപനങ്ങൾ എന്നിവ ഉൾപ്പെടെ എല്ലാ ധനകാര്യ സ്ഥാപനങ്ങൾക്കും റിസർവ്വ് ബാങ്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത ആനുകൂല്യങ്ങൾക്കായി |

| | | | |
|---|---|---|---|
| | | | ബന്ധപ്പെട്ട ബാങ്കുകളെ സമീപിക്കാവുന്നതും ബാങ്കുകൾ റിസർവ്വ് ബാങ്ക് മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം അർഹത പരിശോധിച്ച് നടപടികൾ സ്വീകരിക്കാവുന്നതുമാണ്. മൊറട്ടോറിയം കാലയളവിലെ പലിശയും പിഴപലിശയും ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സർക്കാർ, റിസർവ്വ് ബാങ്ക് ഗവർണ്ണറോട് അഭ്യർത്ഥിച്ചിട്ടുള്ളതാണ്. അസംഘടിത മേഖലയിൽ പ്രവർത്തിക്കുന്ന വഴിയോര കച്ചവടക്കാരുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ള പ്രധാൻ മന്ത്രി സ്ട്രീറ്റ് വെൻഡേഴ്സ് ആത്മനിർഭർ നിധി പദ്ധതി പ്രകാരം കേരളത്തിലെ ബാങ്കുകൾ 8,336 വഴിയോരക്കച്ചവടക്കാർക്കായി 8.36 കോടി രൂപ അനുവദിച്ചു നല്കിയിട്ടുണ്ട്. |
| (ഡി) | ലോക്ഡൗൺ മൂലം ദുരിതമനുഭവിക്കുന്ന അസംഘടിത മേഖലയിലെ തൊഴിലാളികൾക്കായി പ്രത്യേക പാക്കേജ് നടപ്പാക്കാൻ തയ്യാറാകുമോ; വ്യക്തമാക്കുമോ? | (ഡി) | കോവിഡ് 19-ന്റെ ഒന്നാം ഘട്ടത്തിൽ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 2,06,939 അംഗങ്ങൾക്ക് 1,000/- രൂപ നിരക്കിൽ ആശ്വാസ ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കോവിഡ് 19-ന്റെ രണ്ടാം തരംഗത്തിൽ സംജാതമായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 2,15,699 തൊഴിലാളികൾക്ക് 1,000/- രൂപ നിരക്കിൽ ധനസഹായം നൽകിയിട്ടുണ്ട്. കൂടാതെ, കോവിഡ്-19 അസുഖ ബാധിതരായ തൊഴിലാളികളിൽ ഹോം ക്വാറന്റൈൻ/CFLTC/DCC എന്നിവിടങ്ങളിൽ ചികിത്സയിൽ കഴിയുന്നവർക്ക് ബോർഡിന്റെ സഞ്ചിത നിധിയിൽ നിന്ന് പരമാവധി 2,000/- രൂപ വരെ ധനസഹായം അനുവദിക്കാനും കോവിഡാനന്തര ശാരീരിക പ്രയാസം മൂലം തുടർ ചികിത്സയിലേർപ്പെട്ടവർക്ക് ചികിത്സാ ധനസഹായമായി ബോർഡിന്റെ സഞ്ചിത നിധിയിൽ നിന്ന് പരമാവധി 5,000/- രൂപ വരെ ചികിത്സാരേഖകളുടെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അനുവദിക്കുവാനും, കോവിഡ്-19 അസുഖ ബാധിതരായി മരണപ്പെട്ടവരുടെ ആശ്രിതർക്ക് മരണാനന്തര സഹായമായി ബോർഡിന്റെ സഞ്ചിത നിധിയിൽ നിന്ന് പരമാവധി 15,000/- രൂപ വരെ ചികിത്സാ രേഖകളുടെയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിൽ അനുവദിക്കുവാനും തീരുമാനിച്ചിട്ടുള്ളതും ആയത് നടപ്പിലാക്കുന്നതിനുള്ള തുടർനടപടികൾ ആരംഭിച്ചിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ